
ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

നോമ്പുകാലം

Vol.11 Issue 1





ജോസഫ് നാമധാരിയായ
ബഹുമാനപ്പെട്ട വികാരിയച്ചന്
ഇടവകയുടെ
ഹൃദയം നിറഞ്ഞ
നാമഹേതുക
തിരുനാളാശംസകൾ
WELCOME
Fr. Ullas
പുതിയ കൊച്ചച്ചൻ
റവ.ഫാ. ജോസഫ്
ചക്കുംമൂട്ടിലിന്
(ഉല്ലാസ്)
പൊൻകുന്നം ഇടവകയിലേയ്ക്ക്
ഹാർദ്ദവമായ
സ്വാഗതവും
നാമഹേതുക തിരുനാളാശംസകളും

## ഉള്ളടക്കം

| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്

| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |

***Published by*** **: The Vicar, Holy Family Forane Church,**
**Ponkunnam. Ph: 04828- 221368**

***Layout & Printing:*** **General Offset Ponkunnam**
**Ph: 222564, 9495496974,**
**8848953287**

2019 മാർച്ച് ലക്കം

## മുഖമൊഴി

പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ചിറകുകൾ വിരിച്ച് പറന്നിറങ്ങുന്നതുപോലെയാണ് നമ്മുടെ ദൈവാലയത്തിന്റെ ആകാശക്കാഴ്ചയെന്ന് ഒരാൾ !

ഈശോ കൈകൾ വിരിച്ചുപിടിച്ച് നമ്മെ ആശ്ലേഷിക്കുവാൻ കാത്തിരിക്കുന്നതുപോലെയാണെന്ന് മറ്റൊരാൾ!!


അകത്ത് പ്രവേശിക്കുമ്പോൾ ത്രിത്വൈക ദൈവത്തിന്റെ നിറവ് അനുഭവപ്പെടുന്നുവെന്ന് മൂന്നാമതൊരാൾ!!!

ഹൃദയത്തിൽ ദൈവസാന്നിദ്ധ്യമുള്ളവർ ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ആവരുടെ ഉള്ളിൽ ദൈവാരൂപിയുടെ നിറവ് കൂടുതലായി അനുഭവപ്പെടാം. നമ്മുടെ ദൈവം ഇമ്മാനുവേലാണ്. നിത്യം നമ്മോടൊത്ത് വസിക്കുന്നവനാണ്. നമ്മുടെ ഉള്ളിലെ ജീവന്റെ വെളിച്ചമാണ്. ഹൃദയ സക്രാരിയിൽ വാഴുന്ന അവിടുത്തേയ്ക്കുള്ള നിത്യാരാധനയായിരിക്കട്ടെ ശ്രേഷ്ടമായ ചിന്തകളും നല്ല വാക്കുകളും സൽപ്രവർത്തികളും ചേർന്നുള്ള നമ്മുടെ അനുദിന ജീവിതം.

അവനവനിലേയ്ക്കും ദൈവത്തിലേയ്ക്കുമുള്ള ഒരു ഏകാന്ത യാത്രയാണ് പ്രാർത്ഥന. ശ്രേഷ്ടമായവയെ അന്വേഷിക്കുമ്പോൾ നിസ്സാരമായവയെ മാറ്റി നിർത്തണം.

അകറ്റി നിർത്തേണ്ടവയോട് അകലം പാലിക്കുവാനും ചേർത്ത് നിർത്തേണ്ടവയോട് അടുപ്പം നിലനിർത്താനും സാധിക്കണം. എങ്കിൽ മാത്രമെ അഹം അകറ്റി ദൈവ സ്നേഹത്താൽ അകം നിറയ്ക്കാനാവൂ... യേശുവിന്റെ വിരിച്ചു പിടിച്ച കരവലയത്തിനുള്ളിലേയ്ക്ക് ഒതുങ്ങിക്കൂടാനാകൂ... അതിനുള്ള വരം ലഭിക്കാനായി ഇന്നു മുതൽ പ്രാർത്ഥിക്കാം. അല്ല ഇപ്പോൾ മുതൽ പ്രാർത്ഥിക്കാം.



ഈശോയിൽ പ്രിയ സ്നേഹിതരേ,

വലിയ ആഴ്ചയിലൂടെ ഉയിർപ്പു തിരുനാളിലേയ്ക്കെത്തുന്ന നോമ്പുകാലം ആരംഭിക്കുകയാണല്ലോ. പരിത്യാഗത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും വഴികളിലൂടെ നടത്തി സഭാമാതാവ് തന്റെ മക്കളെ വിശുദ്ധീകരിക്കുകയാണ്. തിരിഞ്ഞുനോക്കുന്നതിനും തിരുത്തലുകൾ നടത്തുന്നതിനും നവീകരിക്കപ്പെടുന്നതിനുമുള്ള അവസരമാണ് അതുവഴി വിശ്വാസികൾക്ക് ലഭ്യമാകുന്നത്.

ദൈവത്തോടും സഹോദരങ്ങളോടും തന്നോടുതന്നെയുമുള്ള അനുരഞ്ജനമാണ് നോമ്പിലൂടെ സംഭവിക്കേണ്ടത്. പ്രവൃത്തികളിലെല്ലാം ദൈവപിതാവിന്റെ സംപ്രീതിയുണ്ടെങ്കിൽ ദൈവവുമായി അനുരഞ്ജനത്തിലാണെന്നു പറയാം. മറ്റുള്ളവരെ അംഗീകരിച്ചുകൊണ്ടും അവരുടെ ദൗർബ്ബല്യങ്ങളിലും കുറവുകളിലും കരുണയോടും ഔദാര്യത്തോടുംകൂടെ പ്രതികരിച്ചുകൊണ്ടും സഹോദരങ്ങളുമായി ഐക്യത്തിൽ പോകുവാൻ കഴിയണം. വികാരാവേശങ്ങൾക്കും ജഢപ്രവണതകൾക്കും വഴിപ്പെടാതെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും നിറഞ്ഞ പുതിയ മനുഷ്യനെ ധരിക്കുമ്പോഴാണ് ഒരാൾ തന്നോടുതന്നെ അനുരഞ്ജനപ്പെടുന്നത്. നോമ്പും പ്രാർത്ഥനയും ദാനധർമ്മവും നാം ഓരോരുത്തരിലും പുണ്യത്തിന്റെ പൂക്കാലം കൊണ്ടുവരട്ടെയെന്ന് ആശംസിക്കുന്നു.

ഞായറാഴ്ച ആചരണത്തിലും കുടുംബ പ്രാർത്ഥനകളുടെയും മേഖലകളിലും വന്നു ഭവിച്ചിട്ടുള്ള കുറവുകളെ പരിഹരിക്കുന്നതിനും പുതിയ നിശ്ചയങ്ങൾ സ്വീകരിക്കുന്നതിനുമുള്ള കാലഘട്ടമായിരിക്കട്ടെ അമ്പതു നോമ്പ്. ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നതിനും ശത്രുതയിലും വിദ്വേഷത്തിലും നിന്ന് ആത്മാക്കളെ വിമുക്തമാക്കുന്നതിനും നോമ്പിന്റെ ചൈതന്യം നമ്മെ സഹായിക്കട്ടെ.

മാർച്ചുമാസം അവസാന ഞായറാഴ്ച നാം ആറാം പരിമള ഞായർ ആചരിക്കുകയാണ്. നോമ്പിന്റെ പശ്ചാത്തലത്തിൽ നിസ്സഹായരായ കുഞ്ഞുങ്ങൾക്കുവേണ്ടി നമുക്ക് വീണ്ടും ഒന്നിച്ചു ചേരാം. ദൈവം ദാനമായി തന്നവയിൽനിന്ന് ഔദാര്യപൂർവ്വം ദാനം ചെയ്തുകൊണ്ട് നാം ജീവിക്കുന്ന സമൂഹത്തോടുള്ള നമ്മുടെ ഉത്തരവാദിത്ത്വം ആത്മാർത്ഥതയോടെ നിറവേറ്റാം. നല്ല ദൈവം നമ്മെ ഏവരെയും തന്റെ ദാനങ്ങളും കൃപകളുംകൊണ്ട് സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)


*ഇടവക ബുള്ളറ്റിനിൽ പരസ്യങ്ങൾ നൽകി*
*സഹകരിക്കാൻ ആഗ്രഹിക്കുന്നവർ*
*ബഹു. വികാരിയച്ചനെയോ കൊച്ചച്ചനെയോ*
***സമീപിക്കുക***

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ശംഖധ്വനികൾ മുഴക്കിക്കൊണ്ട് നാം നോമ്പുകാലത്തിന്റെ ഊഷര ഭൂമികയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. നോമ്പുകാലം വർജ്ജിക്കലിന്റെയും ത്യജിക്കലിന്റെയും ഒരു സംസ്ക്കാരം നമ്മിൽ രൂപപ്പെടുത്തുന്നുണ്ട്. ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങളിൽനിന്നും ഭ്രമിപ്പിക്കുന്ന മോഹങ്ങളിൽ നിന്നും ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുന്ന ഈ ഉപാസനയിൽ ആത്മവിശുദ്ധി കൈവരിക്കുവാൻ സഭ തന്റെ മക്കളെ മാടിവിളിക്കുകയാണ്.

ഗ്രീക്ക് പുരാണത്തിൽ എല്ലാവരെയും മരണത്തിന്റെ ചുഴിയിലേയ്ക്ക് തള്ളിവിടുന്ന സൈറനുകളുടെ വശീകരണ സംഗീതത്തെക്കുറിച്ച് ഒരു ഓർമ്മപ്പെടുത്തലുണ്ട്. അനേകർ എത്രമാത്രം തങ്ങളുടെ കാതുകളെ നിയന്ത്രിച്ചിട്ടും സൈറനുകളുടെ വശീകരണ സംഗീതത്തിൽ മതിമറന്ന് മരണച്ചുഴിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഇവിടെയാണ് ഒഡിസ്സീയൂസിന്റെ ജീവിതം ഒരു മാതൃകയാകുന്നത്. അദ്ദേഹം യാത്ര തുടങ്ങുന്നതിനുമുമ്പ് തന്റെ കൂടെ യാത്ര ചെയ്യുന്ന എല്ലാവരുടെയും കാതുകളിൽ മെഴുക് ഉരുക്കി ഒഴിച്ചു. പിന്നീട് യാത്ര തിരിച്ചു. സൈറനുകളുടെ വശീകരിക്കുന്ന സംഗീതം കാതുകളിൽ മുഴങ്ങാത്തതിനാൽ അവർ മരണത്തിൽ നിന്നു രക്ഷപെട്ടു.

നോമ്പുകാലം ഒരർത്ഥത്തിൽ ലോകത്തിന്റെ വശീകരണ സാഹചര്യങ്ങളിൽനിന്ന് നമ്മെത്തന്നെ രക്ഷിക്കലാണ്. ഒഡീസ്സിയൂസ്സ് തന്റെ കാതുകളിൽ മെഴുക് ഉരുക്കി ഒഴിച്ച് മരണത്തിൽനിന്ന്

രക്ഷപെട്ടതുപോലെ ഇരുൾ നിറഞ്ഞ പാപത്തിന്റെ ജീവിതചര്യക ളിൽനിന്ന് പിൻതിരിഞ്ഞ് പ്രകാശത്തിന്റെ പാതയിലൂടെ സഞ്ചിക്കു വാനുള്ള ഒരു ആഹ്വാനമാണ് നോമ്പുകാലം നമ്മുക്കു തരുന്നത്. നോമ്പ് ഒരു 'ഡയറ്റിംഗ്' നോക്കലല്ല, മറിച്ച് ആഴമേറിയ ദൈവാനു ഭവത്തിനും ആത്മവിശുദ്ധീകരണത്തിനും വേണ്ടിയുള്ള ഒരുക്ക ത്തിന്റെ നാളുകളാണ്. അതുകൊണ്ടാണ് നോമ്പുകാലത്തിലെ ഞായറാഴ്ചയിലെ റംശാ പ്രാർത്ഥനയിൽ നാം ഇപ്രകാരം പാടി പ്രാർത്ഥിക്കുന്നത്.

"നീതി നിറഞ്ഞീടും
കർമ്മം കർത്താവിൻ
പ്രീതി സമാർജ്ജിക്കും
നോമ്പിൻ സാരം ഭോജ്യങ്ങൾ
വെടിയുക മാത്രവുമല്ലല്ലോ
കോപാസൂയാദികളെല്ലാം
ഉപവാസത്താൽ വെടിയേണം
കർത്താവിൻ കൃപ നാം കണ്ടെത്തും"

ഉപവാസത്തിലൂടെ ശക്തിയാർജ്ജിച്ച് പ്രലോഭനങ്ങളെ അതിജീവിച്ച് നീതിയുടെയും കരണയുടെയും പ്രവൃത്തികളിൽ മുഴുകി ഈ നോമ്പുകാലം നമ്മുക്ക് ഫലപ്രദമാക്കാം.

സ്നേഹത്തോടെ, കൊച്ചച്ചൻ

**ഫാ. ജോസഫ് ചക്കുംമൂട്ടിൽ**

## ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **ഉത്ഥാനോത്സവ പരിശീലനം**
ഈ വർഷത്തെ ഉത്ഥാനോത്സവത്തിനൊരുക്കമായി അദ്ധ്യാപകർക്കുവേണ്ടിയുള്ള പരിശീലന ക്ലാസ്സ് മാർച്ച് 17-ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തുന്നതാണ്.

2. **വാർഷിക പരീക്ഷ**
1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ മാർച്ച് 31-ാം തീയതി ഞായറാഴ്ച 10 ന്റെ പരിശുദ്ധ കുർബ്ബാനയ്ക്കുശേഷം നടത്തുന്നതാണ്.

3. **ഉത്ഥാനോത്സവം**
ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിൽ നടത്തുന്നതാണ്. 1 മുതൽ 12 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും ഉത്ഥാനോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

4. **മിശിഹാനുഭവ ധ്യാനം**
സൺഡേസ്ക്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള മിശിഹാനുഭവ ധ്യാനം ഏപ്രിൽ 27 മുതൽ 29 വരെ തീയതികളിൽ തമ്പലയ്ക്കാട് എമ്മാനുവേൽ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. മാതൃവേദി 2018 പ്രവർത്തന വർഷത്തിൽ രൂപതയിലെ മോഡൽ യൂണിറ്റായി പൊൻകുന്നം മാതൃവേദി തിരഞ്ഞെടുക്കപ്പെട്ടു.

2. ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ മാതൃവേദി എക്സി ക്യൂട്ടീവ് അംഗങ്ങൾ കാഞ്ഞിരപ്പള്ളി ബേത്‌ലഹേം ആശ്രമം സന്ദർശിക്കുകയും 10,000/- രൂപ സംഭാവന നൽകുകയും ചെയ്തു.

3. 2018 ഡിസംബർ മാസത്തിൽ മാതൃവേദിയുടെ വാർഷികവും ഇടവകയിലെ വിവാഹ ജൂബിലിയേറിയൻസിനെ ആദരിക്കലും നടത്തി.

4. ചികിത്സാ സഹായമായി 3000/- രൂപ നൽകി.

5. കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ പള്ളിയിൽ കൊണ്ടുവന്ന കുഞ്ഞുങ്ങൾക്ക് മാതൃവേദിയുടെ നേതൃത്വ ത്തിൽ പാലും മധുര പലഹാരവും വിതരണം നടത്തി.

6. ഇടവക തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ സ്റ്റാൾ നടത്തി.

7. പൂമറ്റം പള്ളി നിർമ്മാണത്തിന് 10,000/- രൂപ സംഭാവന നൽകി.

8. കഴിഞ്ഞ ഒരു വർഷം നമ്മുടെ ഇടവകയിൽ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട കൊച്ചച്ചൻ എബി വാണിയപ്പുരയ്ക്കലിന് സ്നേഹോഷ്മളമായ യാത്രയയപ്പ് നൽകി.

9. മാതൃവേദി അംഗങ്ങൾ തിരുവനന്തപുരം വെട്ടുകാട് പള്ളിയി ലേയ്ക്ക് തീർത്ഥാടനവും ഏകദിന വിനോദ യാത്രയും നട ത്തി.

10. വലിയ നോമ്പിലെ ചൊവ്വാഴ്ചകളിൽ മാതൃവേദി അംഗങ്ങൾ ഉച്ചകഴിഞ്ഞ് 2 മണിക്ക് പള്ളിയിൽ കുരിശിന്റെ വഴി നടത്തു ന്നതാണ്.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## പിതൃവേദി

പിതൃവേദി പൊൻകുന്നം ഹോളിഫാമിലി ഫൊറോനാ യൂണി റ്റിന്റെ സാധാരണ കമ്മറ്റികൾ 3-12-18, 13-12-18, 10-1-19, 12-2-19 എന്നീ തീയതികളിൽ കൂടുകയുണ്ടായി. എം.ബി.എഫ് - ന്റെ നറു

ക്കെടുപ്പുകൾ എല്ലാ മാസവും കമ്മറ്റിയിൽ നടത്തുന്നു. ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ഭാഗമായി പള്ളിമുറ്റത്ത് കൂട്ടായ്മ അടിസ്ഥാനത്തിൽ ക്രിസ്തുമസ്സ് നക്ഷത്ര മത്സരങ്ങൾ നടത്തി. മത്സരത്തിൽ വിജയിച്ച കെ .7 എ-യ്ക്ക് ഒന്നാം സമ്മാനമായി പി.ജെ. ഗ്ലാസ്സ് ഹൗസ് സ്പോൺസർ ചെയ്ത 3001/-രൂപയും, കെ. 46 ന് രണ്ടാം സമ്മാനമായി വട്ടക്കാട്ട് ഗ്ലാസ്സ് ഹൗസ് സ്പോൺസർ ചെയ്ത 2001/- രൂപയും, കെ. 24 ന് മൂന്നാം സമ്മാനമായി പെയ്ന്റ് & പെയിന്റ്സ് സ്പോൺസർ ചെയ്ത 1501/- രൂപയും കെ. 45 ന് നാലാം സമ്മാനമായി ജോസ് എഞ്ചിനീയറിംഗ് വർക്സ് സ്പോൺസർ ചെയ്ത 1001/- രൂപയും സമ്മാനമായി നൽകി. പതിമൂന്ന് കൂട്ടായ്മകൾ മത്സരത്തിൽ പങ്കെടുത്തു. ക്രിസ്തുമസ്സ് രാവിൽ പാതിരാ കുർബ്ബാനയ്ക്കുശേഷം ഔഷധ കാപ്പിയും മധുര പലഹാരവും വിതരണം ചെയ്തു.

നമ്മുടെ ഇടവകയിൽ നിന്നും അണക്കര സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ അസി. വികാരി ഫാ മാത്യു വാണിയപ്പുരയ്ക്കലിന് (എബിയച്ചൻ) സമുചിതമായ യാത്രയയപ്പ് നൽകി. പുതിയ അസി. വികാരി ഫാ. ജോസഫ് ചക്കുംമൂട്ടിലിന് അഭിവാദ്യങ്ങൾ!!!

മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

1. 2019 ൽ പ്രസിദ്ധീകരിക്കുന്ന ഇടവക ഡയറക്ടറിയിൽ ഇടവക കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും പേരു വിവരങ്ങൾ ചേർത്ത് പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു. അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. പള്ളികളുടെ സ്വത്തുക്കളിന്മേലും സ്വയം ഭരണത്തിന്മേലും കടന്നുകയറ്റം നടത്തണമെന്നുള്ള ഗൂഢലക്ഷ്യത്തോടെ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന 'ചർച്ച് ആക്ട്, പ്രോപ്പർട്ടി ആക്ട്' എന്നിവ പാസ്സാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഉദ്യമങ്ങളിൽനിന്നും

പിന്മാറണമെന്ന് കത്തോലിക്ക കോൺഗ്രസ്സ് പൊൻകുന്നം യൂണിറ്റ് ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി.

**ജോസ് വെച്ചൂക്കുന്നേൽ** (സെക്രട്ടറി)

## അസോവ

നമ്മുടെ സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് യോഗം 29-12-2018 ശനിയാഴ്ച 7.30 പി.എം. ന് തോട്ടത്തിൽ റീത്താമ്മ ജോർജ്ജിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബഹു. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം, റവ. ഫാ. തോമസ് ഈറ്റോലിൽ, അസി. വികാരി റവ. ഫാ. എബി. വാണിയപ്പുരയ്ക്കൽ എന്നിവരുടെ മഹനീയ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ അദ്ധ്യക്ഷ പ്രസംഗത്തെ തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു. അനന്തരം നടന്ന ചർച്ചകളിൽ താഴെ പ്രസ്താവിക്കുന്ന തീരുമാനങ്ങളെടുത്തു.

1. സംഘടനയിലേയ്ക്ക് കൂടുതൽ ആളുകളെ ഉൾരപ്പെടുത്തുന്നതിനുള്ള membership campaign ഉടൻ ആരംഭിക്കുക.
2. സംഘടന നടത്തുവാൻ ഉദ്ദേശിക്കുന്ന ടൂർ പ്രോഗ്രാമിന്റെ destination കണ്ടെത്തുവാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തി. തുടർന്ന് എം.ബി.എഫ്. സ്കീമിന്റെ 17-ാമത് നറുക്കെടുപ്പ് നടന്നു. സ്കീമിലെ 12-ാമത്തെ മെമ്പറായ തോട്ടത്തിൽ റീത്താമ്മ ജോർജ്ജാണ് വിജയിയായത്.


കഴിഞ്ഞ മീറ്റിംഗിലെ തീരുമാനമനുസരിച്ച് ഇടവക തിരുനാളിനെത്തിയ വൈദികർക്ക് ഭക്ഷണം ക്രമീകരിച്ച് സേർവ് ചെയ്യുന്നതിന് ബോർഡ് അംഗങ്ങൾ സഹകരിക്കുകയുണ്ടായി. ബോർഡ് മെമ്പർ റീത്താമ്മ ജോർജ്ജ് തോട്ടത്തിലിന്റെ ജന്മദിന വാർഷികവും അന്നേദിവസം ആഘോഷിച്ചു. ജോയിന്റ് സെക്രട്ടറി പുഷ്പാ ജേക്കബ് വാലുമ്മേൽ നന്ദി പ്രകാശിപ്പിച്ചു.

***പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)***

## വിൻസെൻഷ്യൻ വേദി

ദത്ത് കുടുംബങ്ങൾക്കും രോഗികൾക്കും നൽകിവരുന്ന സ്ഥിരം സഹായങ്ങൾക്കു പുറമെ വിദ്യാഭ്യാസ സഹായമായി 2 വിദ്യാർത്ഥികൾക്ക് 20,000/- രൂപയും ഭവന അറ്റകുറ്റ പണികൾക്കായി 2 ഭവനത്തിന് 7000/- രൂപയും നൽകി. അംഗങ്ങൾ വാർഷിക ഭവന സന്ദർശനം നടത്തിവരുന്നു. 2 വിദ്യാർത്ഥികൾക്ക് നാഷണൽ കൗൺസിലിൽനിന്നും വിദ്യാഭ്യാസ സ്‌ക്കോളർഷിപ്പായി 6000/- രൂപ വീതം ലഭ്യമാക്കി. നമ്മുടെ ഇടവകയിൽ നിന്നും അണക്കര സെന്റ് തോമസ് ഫൊറോനാ ഇടവകയിലേയ്ക്ക് സ്ഥലം മാറിയ അസി. വികാരി ഫാ. മാത്യു വാണിയപ്പുരയ്ക്കലിന് യാത്രയയപ്പു നൽകി. ഇടവകയിലേയ്ക്ക് പുതുതായി നിയമിച്ച അസി. വികാരി ഫാ ജോസഫ് (ഉല്ലാസ്) ചക്കുംമൂട്ടിലിന് കോൺഫ്രൻസ് സ്വീകരണം നൽകി.

**തോമസ് നരിതൂക്കിൽ (സെക്രട്ടറി)**



## സി. വൈ. എം. എ.

1 ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടക്കുന്ന ചുക്കു കാപ്പി വിതരണം ഡിസംബർ 22 ന് സി.വൈ.എം.എ. യുടെ നേതൃത്വത്തിൽ നടന്നു.

2. ക്രിസ്തുമസ്സിനോടനുബന്ധിച്ച് ടൗണിൽ അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്തുമസ്സ് കരോൾ നടത്തി. ഡയറക്ടർ ഫാ. ജോസഫ് വെള്ളമറ്റം കരോൾ ഉദ്ഘാടനം നിർവ്വഹിച്ചു.

3. ക്രിസ്തുമസ്സ് പാതിരാ കുർബ്ബാനയ്ക്കുശേഷം സി.വൈ.എം.എ. കുടുംബാംഗങ്ങളുടെ നേതൃത്വത്തിൽ ആഫീസിൽ വച്ച് കേക്കുമുറിച്ച് ആശംസകൾ നേർന്നു.

4. ഇടവകത്തിരുനാളിന്റെ ക്രമീകരണങ്ങൾ ഭംഗിയായി നടത്തുവാൻ സാധിച്ചു.

5. അണക്കര ഫൊറോനാ ദൈവാലയത്തിലേയ്ക്ക് സ്ഥലം മാറി പ്പോയ അസി. വികാരി ഫാ. എബി വാണിയപ്പുരയ്ക്ക് സമുചിതമായ യാത്രയയപ്പ് നൽകി.

**ജോജി മണിയങ്കേരിൽ** (സെക്രട്ടറി)

## ചെറുപുഷ്പ മിഷൻലീഗ്

1. നിലയ്ക്കൽ തീർത്ഥാടനം നടത്തി.
2. പത്ര കളക്ഷൻ നടത്തി അതിൽനിന്നു കിട്ടിയ ഫണ്ട് ഉപയോഗിച്ച് പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.
3. ഇടവകാതല- ഫൊറോനാതല ഇലക്ഷൻ നടത്തി.

**ഷെറി മോളോപ്പറമ്പിൽ** (ഓർഗനൈസർ)

## യുവദീപ്തി - S.M.Y.M

1. 2018–19 വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾ: ആൽബിൻ രണ്ടുപ്ലാക്കൽ (പ്രസിഡന്റ്), ജോസ്ന കുരിയിങ്കൽ (വൈസ് പ്രസി), ജേക്കബ് തേക്കുംതോട്ടം (ജന. സെക്രട്ടറി), അമല കൈമഠം തുരുത്തിയിൽ (സെക്രട്ടറി), സഞ്ജു ചെറുകുടൂർ (ട്രഷറർ), ജിതിൻ കോയിപ്പുറം (കൗൺസിലർ), റിനു കുന്നേൽ (കൗൺസിലർ), എന്നിവർ ചുമതലയേറ്റു.
2. യുവദീപ്തിയുടെ നേതൃത്വത്തിൽ 2018 ഡിസംബർ 20, 21, 22, 23 ദിവസങ്ങളിൽ കരോളിനു പോയി.
3. യുവദീപ്തിയുടെ നേതൃത്വത്തിൽ പാതിരാ കുർബ്ബാനയ്ക്ക് ശേഷം ‘മെറി ഫെസ്റ്റ’ എന്ന പേരിൽ ഒരു ക്രിസ്തുമസ് പ്രോഗ്രാം നടത്തി.
4. 2019 ജനുവരി 1 ന് യുവദീപ്തിയുടെ നേതൃത്വത്തിൽ ആശാനിലയം സന്ദർശിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.
5. ഫെബ്രുവരി 2 ന് യുവദീപ്തി അംഗങ്ങൾ വിനോദയാത്ര പോയി.

6. ജനുവരി 10 ന്- സ്ഥലം മാറിപ്പോയ എബിയച്ചന് യാത്രയയപ്പ് നൽകി.
7. ജനുവരി 16 ന് പുതുതായി വന്ന ഉല്ലാസ് അച്ചന് സ്വീകരണം നൽകി.

**ജേക്കബ് തേക്കുംതോട്ടം** (സെക്രട്ടറി)



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ജോർജ്ജ് പുതുപ്പറമ്പിൽ
2. ജേക്കബ് തൂങ്കുഴി
3. ജുവാന മാണികുളത്ത്
4. റോസ് കളത്തൂർ
5. മെറിൻ പന്തിരുവേലിൽ
6. ഏയ്ഞ്ചൽ പയ്യപ്പിള്ളി
7. ജോർജ്ജ് മൂക്കിലിക്കാട്ട്
8. കണ്ണനുണ്ണി നെടുംപറമ്പിൽ
9. ലോണ ചെന്നയ്ക്കാട്ടുകുന്നേൽ
10 കെയിൻ തോപ്പിൽ
11. ആൻ മരിയ മാക്കൽ
12. റിയോൺ ആശാരിയേട്ട്
13. അമേലിയ കരിങ്ങാമാവിൽ
14. ലോഗൻ കളരിക്കൽ

## ഓർമ്മകളിലേയ്ക്ക്

1. മേരിക്കുട്ടി നടുവിലേ മുറിയിൽ
2. തെയ്യാമ്മ പൂവേലിക്കുന്നേൽ
3. അച്ചാമ്മ കളരിക്കൽ
4. തങ്കച്ചൻ ചിറയ്ക്കപ്പറമ്പിൽ
5. ജോസ് നടുവിൽപുരയിടം
6. ചാക്കോ വാറുകൊഴുപ്പേൽ
7. റോസമ്മ ഈറ്റുവേലിൽ



## നമ്മൾ ഒന്നായി

1. അരുൺ- അർപ്പിത - പുതുപ്പറമ്പിൽ
2. ബിജു - അഞ്ചു - കുഴിക്കാട്ട്
3. കണ്ണനുണ്ണി - കാതറീന - നെടുംപറമ്പിൽ
4. സിജോ - നിമ്യ - മാണികുളത്ത്
5. ജിമ്മി - മേരിക്കുട്ടി - തഴങ്ങനാട്ട്
6. സെബാസ്റ്റ്യൻ - റ്റിറ്റി - പുതുപ്പറമ്പിൽ
7. ജെറിൻ - ഫെബി - പാലയ്ക്കൽ
8. അനീഷ് - അജിത - ഏണേക്കാട്ട്

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## വിൽപത്രം – നിയമസാധുതകൾ

സുപ്രധാനമായ ഒരു സുപ്രീം കോടതി വിധി : മേരി റോയി, മറിയക്കുട്ടി തോമസ് , ഏലിക്കുട്ടി എന്നീ മൂന്നു കേരളീയരായ ക്രിസ്ത്യൻ സ്ത്രീകൾ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തു കൊണ്ട് സുപ്രീം കോടതിയെ സമീപിച്ചു. നിയമം ഭരണഘടനാ വിരുദ്ധമാണെന്നും സ്ത്രീകളോട് ന്യായ രഹിതമായ വിവേചനം കാട്ടുന്നുവെന്നുമായിരുന്നു പരാതി. സുപ്രീം കോടതി നിയമത്തിന്റെ ഭരണ ഘടനാസാധുതയെപ്പറ്റി പരിശോധിക്കാതെ തന്നെ ആ നിയമം പ്രാബല്യത്തിലുള്ളതായി പരിഗണിക്കുവാൻ പാടില്ലെന്നു പ്രഖ്യാപിച്ചു.

1951 ഏപ്രിൽ 1–ാം തീയതി കേന്ദ്രനിയമമായ ഇൻഡ്യൻ പിന്തുടർച്ചാവകാശ നിയമം സംസ്ഥാനങ്ങൾക്കു കൂടി ബാധകമാക്കിയെന്നും കേന്ദ്രനിയമം നടപ്പിൽ വന്നു കഴിഞ്ഞപ്പോൾ പ്രാദേശിക നിയമങ്ങൾ റദ്ദായതായി പരിഗണിക്കണമെന്നുമാണ് സുപ്രീം കോടതി കണ്ടെത്തിയത്. ചുരുക്കിപ്പറഞ്ഞാൽ 1951 ഏപ്രിൽ 1–ാം തീയതി മുതൽ തിരുവിതാംകൂർ – കൊച്ചി സംസ്ഥാനത്തുള്ള ക്രിസ്ത്യനികളുടെ പിന്തുടർച്ചവകാശം നിർണ്ണയിക്കേണ്ടത് ഇൻഡ്യൻ പിന്തുടർച്ചവകാശ നിയമ വ്യവസ്ഥ കളനുസരിച്ചായിരിക്കണമെന്ന് സൂപ്രിം കോടതിയിൽ നിന്നും വിധിയായി. അപ്പോൾ 1951 മുതൽ നടന്നിട്ടുള്ള ഭാഗങ്ങളും മറ്റു ബന്ധപ്പെട്ട കരങ്ങളും കേന്ദ്ര നിയമ വ്യവസ്ഥകളനുസരിച്ച് പുനഃപരിശോധന നടത്തേണ്ടതായി വരുമെന്നും അത് സമുദായത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ കെട്ടുറപ്പിനെ ബാധിക്കുമെന്നും വിധിക്ക് മുൻകാല പ്രാബല്യം കൊടുക്കാതെയിരുന്നാൽ ഇതിനൊരു പരിഹാരമാർഗ്ഗമാവുമെന്നും മറ്റും വാദിച്ചു കൊണ്ട് സുപ്രീം കോടതിയിൽ കൊടുത്ത റിവ്യൂ ഹർജി തള്ളുകയാണ് ചെയ്തത്.

വിൽപത്രം അഥവാ മരണശാസനം എന്നാൽ അത് എഴുതിവയ്ക്കുന്നയാളുടെ സ്വത്തുക്കളെ സംബന്ധിച്ച് തന്റെ മരണശേഷം നടപ്പിൽ വരുത്തണമെന്ന് താൻ ആഗ്രഹിക്കുന്ന ഉദ്ദേശങ്ങളുടെ നിയമാനുസൃതമായ പ്രഖ്യാപനമാണ്. പ്രായപൂർത്തി നേടിയ സ്വസ്തചിത്തനായ ഒരാൾക്ക് വിൽപത്രം എഴുതിവയ്ക്കുവാൻ കഴിയും. എന്നാൽ മൈനർ ഒപ്പിട്ട വിൽപത്രം അസാധുവാണ്. സ്വതന്ത്രവും സ്വസ്ഥവുമായ മനസ്സോടെയാണ് വിൽപത്രം എഴുതി ഒപ്പിടേണ്ടത്. വഞ്ചന നടത്തിയോ ,ബലം പ്രയോഗിച്ചോ, സ്വൈര്യം കെടുത്തിയോ വിൽപത്രം എഴുതി വയ്ക്കുന്നതിന് നിയമം അനുമതി നൽകുന്നില്ല. മരണപത്രത്തിൽ ഒഴിവാക്കാനാവാത്ത ഘടകമാണ് സാക്ഷികൾ. രണ്ടോ അതിലധികമോ സാക്ഷികൾ വിൽപത്രം എഴുതുന്നയാളുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടണം. എന്നാൽ മരണശാസനത്തിന്റെ ഉള്ളടക്കം സാക്ഷികളെ അറിയി

ക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നില്ല. വിൽപത്രം എഴുതുന്ന വ്യക്തി ഒപ്പിടുന്നത് സാക്ഷികളും, സാക്ഷികൾ ഒപ്പിടുന്നത് വിൽപത്രകർത്താവും കണ്ടിരിക്കണം.

ക്രിസ്ത്യൻ, മുസ്ലീം, ഹിന്ദു എന്നീ മൂന്ന് മതസ്ഥരുടെയും മരണ ശാസനകളെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ചെയ്തുപോയ തിൻമകൾക്ക് പ്രായശ്ചിത്തം ചെയ്യുവാനും, ഭക്ത്യാദരവോടെ വസ്തുക്കൾ വ്യയനം ചെയ്യുവാനും, വസ്തു സമ്പാദനത്തിൽ സംഭവിച്ച അനീതി, അത് വിഷയോലുപർക്കും അഴിമതിക്കും വേണ്ടി വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നും വിചിന്തനം ചെയ്യുവാനും, ഉണ്ടെങ്കിൽ അതിന് ആനുപാതികമായി പരിഹാരങ്ങളും പ്രായശ്ചിത്തങ്ങളും ചെയ്യുന്നതിനും മരണശാസനം അവസരം ഒരുക്കുന്നു.

സ്വാഭാവികമായ പിൻതുടർച്ചയുടെ ഗതിമാറ്റുവാനും അതുവഴി പിൻതുടർച്ചാവകാശം നഷ്ടപ്പെടുന്ന ബന്ധുക്കൾക്ക് ഓഹരി നൽകുവാനും മറ്റുള്ളവരുടെ സേവനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവയെ അംഗീകരിക്കുവാനും മരണശാസനം വഴിയൊരുക്കുന്നു. മരണശാസനം നീതിമാന് നീതി നിർവഹണത്തിനുള്ള സുരക്ഷിതമായ ഒരുപാധിയാണ്.

നിയമത്തിന്റെ പ്രവർത്തനം മൂലം ഒരു വസ്തു ഉടമയുടെ ജീവൻ ശരീരത്തിൽ നിന്നും വേർപ്പെടുമ്പോൾ തന്നെ അയാളുടെ വസ്തുക്കളിൻമേലുള്ള എല്ലാ അവകാശ ബാദ്ധ്യതകളും നിയമാനുസൃത പിൻതുടർച്ചാവകാശികളിലേയ്ക്ക് സംക്രമിക്കപ്പെടുന്നു. ഈ കൈമാറ്റത്തിന് പ്രമാണം വേണ്ടതില്ല. ഈ പ്രക്രിയയുടെ ഗതി മാറ്റുന്ന ഒരു തീരുമാനം നടപ്പിൽ വരുത്തുവാൻ വസ്തു ഉടമയ്ക്ക് അധികാരം സിദ്ധിക്കുന്നത് മരണപത്ര നിയമങ്ങൾ മൂലമാണ്.

മരണശാസനം മൂലം നഷ്ടങ്ങൾ നേരിടുന്നവരെ അഭിമുഖീകരിച്ച് സ്വാന്തനപ്പെടുത്തുവാൻ കഴിയും വിധം സ്വയം സംസാരിക്കുന്ന ഒരു രേഖയായിരിക്കണം മരണശാസനം. അഥവാ വിൽപത്രം നിയമപ്രകാരം അവകാശം സിദ്ധിക്കേണ്ടവർ ആരെല്ലാമാണ്. അവകാശത്തിൽ ഏറ്റക്കുറച്ചിലുകൾ വരുത്തിയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ഏതെങ്കിലും അവകാശിക്ക് വിൽപത്രം മൂലം ഒന്നും വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്. ഇവയൊക്കെ വസ്തുനിഷ്ഠമായി മരണപത്രത്തിൽ പ്രതിപാദിച്ചിരിക്കണം.

വിവാഹിതയായ സ്ത്രീക്ക്, തനിക്ക് അന്യാധീനപ്പെടുത്താൻ കഴിയുന്ന ഏത് വസ്തു സംബന്ധിച്ചും താൻ ചെയ്യുന്നത് എന്താണെന്ന് അറിയുവാൻ കഴിവുണ്ടെങ്കിൽ ബധിരരോ, മൂകരോ, ആയവർക്കും, സ്വസ്തചിന്തനായിരിക്കുന്ന ഇടവേളയിൽ, ചിത്തഭ്രമമുള്ളവർക്കും മരണശാസനം വഴി സ്വത്തുക്കൾ വിനിയോഗം ചെയ്യാവുന്നതാണ്.

ഭാഗപത്രം പോലെ തന്നെ മരണപത്രവും ഒരു അവകാശ രേഖയാണ്. മരണപത്രങ്ങളുടെ ഇരട്ടിപ്പുകൾ രജിസ്ട്രറാക്കാവുന്നതാണ്. സ്വന്തം കൈയ്യ

ക്ഷരത്തിൽ എഴുതുന്നതാണ് ഹോളോഗ്രാഫ് വിൽ. ഇത് ഒരു അകൃത്രിമമായ പ്രമാണമായി അനുമാനിക്കാവുന്നതാണ്. ഏത് വിൽപത്രമാണെങ്കിലും വിൽപത്ര കർത്താവ് ഒപ്പിടുന്നതോ വിരലടയാളം പതിക്കുന്നതോ സാക്ഷികൾ കണ്ടിരിക്കേണ്ടതും അപ്രകാരം കാണാതെയുള്ള സാക്ഷ്യപ്പെടുത്തൽ അംഗീകരിക്കുന്നതുമല്ല. എന്നാൽ മരണശാസനം മുഴുവനും മരണശാസന കർത്താവിന് സ്വന്തം കൈകൊണ്ട് എഴുതാവുന്നതാണ്. രജിസ്റ്റർ ചെയ്യാത്ത വിൽപത്രങ്ങൾക്കും നിയമസാധുത ഉള്ളതാണ്.

മരണശാസന കർത്താവ് ഉദ്ദേശിച്ച രീതിയിൽ പ്രമാണത്തിൽ ഒപ്പിട്ട് പൂർത്തീകരിക്കൽ മുഴുമിച്ചിട്ടുണ്ടായിരുന്നില്ലെന്ന് അതിൽ നിന്നും പ്രത്യക്ഷത്തിൽ തന്നെ കാണപ്പെടുന്നുവെങ്കിൽ പ്രമാണം ആ കാരണത്താൽ അസാധുവായിരിക്കുന്നതല്ല. എന്നാൽ മരണശാസനോദ്ദേശ്യങ്ങൾ ഉപേക്ഷിച്ചിരിക്കുന്നുവെന്നുള്ളതല്ലാത്ത മറ്റുകാരണത്താലാണന്ന് തെളിയിക്കേണ്ടതുണ്ട്. വിൽപത്രം ഏത് സബ്ബ് രജിസ്ട്രി ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്നതാണ് രജിസ്റ്റർ ചെയ്ത വിൽപത്രങ്ങൾ ആണ് കൂടുതൽ അഭികാമ്യം.

മരണശാസനം ഉണ്ടാക്കിയ ആൾക്ക് മരണശാസനം വഴി തന്റെ വസ്തു വിനിയോഗം ചെയ്യുവാൻ ക്ഷമതയുള്ള ഏത് സമയത്തും, പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.സ്വത്തുക്കളുടെ വിഭജനം സംബന്ധിച്ച് വ്യക്തമായ വിവരണം വിൽപത്രത്തിനാവശ്യമാണ്. അതില്ലെങ്കിൽ മരണപത്രം ശൂന്യമായി കണക്കാക്കാവുന്നതാണ്. അതുപോലെ തന്നെ അസ്തിത്വത്തിലും.

മരണശാസനത്തിന്റെ അസ്സൽ നഷ്ടപ്പെട്ടാൽ മറിച്ച് തെളിയിക്കപ്പെടുന്നതുവരെ ആ മരണശാസനം റദ്ദാക്കപ്പെട്ടതായി അനുമാനിക്കാവുന്നതാണ്. അതുകൊണ്ട് അസ്സലിന് നിർണ്ണായക പ്രാധാന്യമുണ്ട്.

വിൽപത്രം സംബന്ധിച്ച് ഏകദേശ ധാരണ ഉണ്ടാകുന്നതിനുപകരിക്കുന്ന വിവരങ്ങൾ മുകളിൽ ചേർത്തിട്ടുള്ളതാണ്. വിൽപത്രം എത്ര പ്രാവശ്യം വേണമെങ്കിലും എഴുതാം. ഏറ്റവും അവസാനമായെഴുതുന്ന വിൽപത്രമെ പ്രബലൃത്തിൽ വരികയുള്ളൂ. രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നോട്ടറിയുടെ മുൻപിൽ വച്ച് ഒപ്പിടുന്ന വിൽപത്രങ്ങൾക്കും നിയമാസാധുത ഉള്ളതാണ്.

നമ്മുടെ ജീവിതകാലത്ത് തീറാധാരങ്ങൾ മുഖാന്തിരവും ധനനിശ്ചയാധാരങ്ങൾ മുഖാന്തിരവും സ്വത്തുക്കൾ മക്കൾക്ക് വിഭജിച്ച് കൊടുത്തു വരുന്നത് കാണുന്നുണ്ട്. ഇപ്രകാരം ചെയ്യുന്നതുവഴി, സ്വത്തുക്കൾ ലഭിച്ചു കഴിഞ്ഞാൽ പിന്നെ ആധുനിക സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന നാഗരീക സംസ്കാരത്തിൽ സ്വത്തുക്കൾ വിഭജിച്ചിരുന്നവർ ശരണാലയങ്ങളിൽ ശരണം പ്രാപിക്കേണ്ട സ്ഥിതി കണ്ടുവരുന്നുണ്ട്. മരണശേഷം അവകാശികൾ തമ്മിൽ സ്വത്തുതർക്കത്തിലേർപ്പെട്ട് കുടുംബഭദ്രതയും സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്താതെ അത് നിലനിർത്തുന്നതിന് കഴിയുന്ന കാലത്ത് വിൽപത്രം എഴുതി വയ്ക്കുന്നത് അഭികാമ്യമായിരിക്കും

# നന്ദിയോടെ....

വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ അംഗങ്ങളായി കർത്താവ് തെരഞ്ഞെടുത്തവരാണ് പുരോഹിതര്‍.

മുന്നൂറ്റി അറുപത്തിയഞ്ച് ദിവസങ്ങൾ പൊൻകുന്നം ഇടവകയിലെ ദൈവജനത്തിനുവേണ്ടി ശുശ്രൂഷ ചെയ്ത നമ്മുടെ പ്രിയ എബി അച്ചൻ അണക്കര സെന്റ് തോമസ് ഇടവകയിലെ അസി. വികാരിയായി സ്ഥലം മാറിപ്പോകുകയാണ്. പൊൻകുന്നത്ത് അസി. വികാരിയായി സ്ഥാനമേറ്റ അന്നു മുതൽ ബഹു. വികാരിയച്ചനോടൊപ്പം തന്നിലർപ്പിതമായ വൈദിക ശുശ്രൂഷാ ചുമതലകൾ അണുവിട തെറ്റാതെ അനുഷ്ഠിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധാലുവായിരുന്നു.



ഫാ. എബി വാണിയപ്പുരയ്ക്കലിന്
പൊൻകുന്നം ഇടവകാംഗങ്ങളുടെ
പ്രാർത്ഥനാശംസകൾ!!!

'അച്ചന്റെ നിഷ്കളങ്കമായ ചിരിയും ശാന്തമായ സംസാരവും വി. കുർബ്ബാന മദ്ധ്യേ പങ്കുവച്ച ഈടുറ്റ വചന പ്രഘോഷണവും ഇടവകയുടെ ഹൃദയത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഇടവകയിലെ എല്ലാ സംഘടനകളുമായി ഏറെ നല്ല ബന്ധം പുലർത്തുകയും അവയെ ആത്മീയമായി കൂടുതൽ ചൈതന്യവൽക്കരിക്കുവാൻ ഏറ്റവും ആഗ്രഹിച്ച് പ്രവർത്തിക്കുകയും ചെയ്തു. യുവജന സംഘടനയെയും സൺഡേ സ്ക്കൂളിനെയും അച്ചൻ ഏറെ കരുതുകയും സ്നേഹിക്കുകയും ചെയ്തു.

മുന്നോട്ടുള്ള ജീവിതത്തിലും ഒരു നല്ല അജപാലകനും സുവിശേഷ പ്രഘോഷകനുമായി ഈശോയ്ക്കുവേണ്ടി ഏറെ ആത്മാക്കളെ നേടാനാകട്ടെ എന്ന് പൊൻകുന്നം ഇടവക ആശംസിക്കുകയും പ്രാത്ഥിക്കുകയും ചെയ്യുന്നു.

അച്ചൻ പകർന്നു നൽകിയ സ്നേഹത്തിന് ഹൃദയം നിറഞ്ഞ നന്ദി. ഇനിയും അച്ചൻ അർപ്പിക്കുന്ന ഒരായിരം വി. ബലികളിൽ ഈ ഇടവകയെ സ്മരിക്കണമെ.

പാരീഷ് കൗൺസിൽ സെക്രട്ടറി
വർഗ്ഗീസ് മുതുപ്ലാക്കൽ


CHAMELI
THE DESIGNER BOUTIQUE
BRIDAL COLLECTION
1 HOUR STITCHING
DESIGNER WEARS
HAND EMBROIDERY
CASUAL WEARS
DESIGNING & STYLING
KIDS
chamelidesignerboutique@gmail.com